(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സീനിയോറിറ്റി ലിസ്റ്റ് വിവിധ തസ്തികകൾക്ക് വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വ്യത്യസ്തമായ കാലയളവുവരെ തയ്യാറാക്കിയിട്ടുള്ളതിനാലും ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാലും ഏത് തീയതിവരെ പരിഗണിക്കപ്പെടും എന്നത് മുൻകൂട്ടി നിശ്ചയിക്കാൻ സാധിക്കുന്നതല്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ എം. മുരളി, എളമരം കരീം, കെ.പി. രാജേന്ദ്രൻ എന്നിവരെ പത്താം കേരള നിയമസഭയുടെ 16-ാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

ഓർഡർ ..... ഓർഡർ

III അടിയന്തിരപ്രമേയം

നാദാപുരം അക്രമ സംഭവങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തതിനെത്തുടർന്ന് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥതിവിശേഷം

മി. സ്പീക്കർ : നാദാപുരത്ത് നടന്ന കൊലപാതകങ്ങൾക്കും വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയവയ്ക്കുനേരെ നടന്ന അക്രമ പ്രവർത്തനങ്ങൾക്കും കാരണക്കാരായ കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിനും നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും ഇതുവരെ സാധിക്കാത്തതിനാൽ സംസ്ഥാനത്തുടനീളവും പ്രത്യേകിച്ച് നാദാപുരത്തും നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. കെ. ബാവ, കെ. ബാബു, തോമസ് ചാഴികാടൻ, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 അനുസരിച്ച് ചെയറിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, കോഴിക്കോട് ജില്ലയിലെ നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട വളയം, ചെക്കിയാട്ട്, തൂണേരി, പാറക്കടവ്, നാദാപുരം എന്നീ പഞ്ചായത്തുകളിൽ 2001- ജനുവരി മാസം മദ്ധ്യത്തോടെ സി.പി.ഐ. (എം), ഐ.യു.എം.എൽ. പ്രവർത്തകർ തമ്മിൽ

LIBRARY ARCHIVES Kerala Legislative Assembly

സംഘട്ടനങ്ങൾ നടക്കുകയുണ്ടായി. ചുമരെഴുത്തു നടത്തുന്നത് സംബന്ധിച്ചുണ്ടായ തർക്കങ്ങളാണ് വ്യാപകമായ അക്രമ സംഭവങ്ങൾക്ക് തുടക്കം കുറിച്ചത്. സി.പി.ഐ. (എം) പ്രവർത്തകരായ മനോജ്, ശ്രീജിത്ത് എന്നിവരെ ഐ.യു.എം.എൽ പ്രവർത്തകർ പാറക്കടവ് അങ്ങാടിയിൽവച്ച് മർദ്ദിച്ചു. അതിനെത്തുടർന്ന് പാറക്കടവ്, തൂണേരി, താനക്കോട്ടൂർ, കുറുവന്തേരി എന്നീ സ്ഥലങ്ങളിൽ സി.പി.ഐ. (എം), ഐ.യു.എം.എൽ പ്രവർത്തകർ തമ്മിൽ സംഘട്ടനങ്ങൾ നടക്കുകയും ഏതാനും വീടുകൾക്കും കടകൾക്കും നേരെ അക്രമങ്ങളുണ്ടാവുകയും ചെയ്തു. അക്രമം അമർച്ച ചെയ്യുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്ന പോലീസിനുനേരെ 12-1-2001-ന് അക്രമാസക്തരായ ജനക്കൂട്ടം കല്ലെറിഞ്ഞു. അവരെ പിരിച്ചുവിടുന്നതിനുവേണ്ടി പോലീസ് വെടിവെച്ചു. 13-1-2001-ന് സി.പി.ഐ. (എം) പ്രവർത്തകനായ സന്തോഷ്, മുസ്ലീംലീഗ് പ്രവർത്തകരുടെ വെടിയേറ്റ് മരണമടഞ്ഞു. സ്ഥിതിവിശേഷം രൂക്ഷമാക്കിയ സംഭവമായിരുന്നു ഇത്. 14-1-2001-ന് ഉണ്ടായ അക്രമ സംഭവങ്ങളുടെ ഭാഗമായി താനക്കോട്ടൂർ വച്ച് ഐ.യു.എം.എൽ പ്രവർത്തകനായ മൊയ്തുഹാജി ആക്രമണത്തിൽ കൊലചെയ്യപ്പെട്ടു. വീടുകൾക്കും കടകൾക്കും നേരെ ഇരുഭാഗത്തുനിന്നും അക്രമങ്ങളുണ്ടായി. അക്രമസംഭവങ്ങളോടനുബന്ധിച്ച് സ്ത്രീകൾ ആക്രമിക്കപ്പെട്ടതായി രണ്ട് പരാതികൾ പോലീസിനു ലഭിച്ചു. നബീസ എന്ന സ്ത്രീയുടെ പരാതിയിന്മേൽ ക്രൈം നമ്പർ 51/2001 ആയും നാരായണി എന്ന സ്ത്രീയുടെ പരാതിയിന്മേൽ 186/2001 നമ്പരായും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. നബീസയുടെ പരാതിയിന്മേൽ ആറ് പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസന്വേഷണം ക്രൈംബ്രാഞ്ചിനെ ഏല്പിച്ചിട്ടുണ്ട്. 16-1-2001-ൽ ആറ് വയസ്സുള്ള നീതു എന്ന പെൺകുട്ടി ബോംബുപൊട്ടി മരണമടഞ്ഞ സംഭവമുണ്ടായി. ഇതു സംബന്ധിച്ച കേസന്വേഷണവും ക്രൈബ്രാഞ്ചിനെ ഏൽപ്പിച്ചിരിക്കുകയാണ്. തികച്ചും ദൗർഭാഗ്യകരമായതും ഒഴിവാക്കേണ്ടിയിരുന്നതുമായ സംഭവങ്ങളാണ് നാദാപുരം മേഖലയിലുണ്ടായത്. രാഷ്ട്രീയപാർട്ടി പ്രവർത്തകർ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളും തർക്കങ്ങളും ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ രാഷ്ട്രീയ വിരോധത്തിന്റെപേരിൽ കൊല നടത്തുന്നതും വീടുകൾക്കും സ്ഥാപനങ്ങൾക്കും നേരെ ആക്രമണം നടത്തുന്നതും ഒഴിവാക്കുകതന്നെ വേണം. രാഷ്ട്രീയ പാർട്ടി പ്രവർത്തകർ ഒത്തൊരുമിച്ചു ശ്രമിച്ചാൽ മാത്രമേ ഈ ദുരവസ്ഥ അവസാനിപ്പിക്കാൻ കഴിയുകയുള്ളു. നാദാപുരം മേഖലയിലെ എം.എൽ.എ മാരും രാഷ്ട്രീയ പാർട്ടിനേതാക്കന്മാരും അക്രമങ്ങൾ അവസാനിപ്പിക്കുന്നതിനുവേണ്ടി കൂട്ടായി ശ്രമിച്ചിട്ടുണ്ട്. സംഭവങ്ങളെ തുടർന്ന് സ്ഥലം സന്ദർശിച്ച സി.പി.ഐ (എം) സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയനും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നേതാവ് ശ്രീ പാണക്കാട് മുഹമ്മദാലി ശിഹാബ് തങ്ങളും അക്രമത്തിൽ കൊല്ലപ്പെട്ട ഇരുവിഭാഗക്കാരുടേയും വീടുകൾ സന്ദർശിക്കുകയും സമാധാനത്തിന് അഭ്യർത്ഥിക്കുകയും ചെയ്തത് സ്ഥിതിഗതികൾ ശാന്തമാക്കുന്നതിന് ഏറെ സഹായകരമായിട്ടുണ്ട്. പ്രതിപക്ഷ നേതാവ് ശ്രീ. എ.കെ. ആന്റണി സ്ഥലത്തെത്തുകയും അക്രമങ്ങളിൽ കൊലചെയ്യപ്പെട്ട ഇരുവിഭാഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടവരുടെയും വീടുകൾ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ അഭിപ്രായ ഭിന്നതകൾ ഉണ്ടെങ്കിലും നാദാപുരത്ത് സമാധാനം സ്ഥാപിക്കാൻ എല്ലാവരും സഹകരിച്ചിട്ടുണ്ട്. അക്രമങ്ങൾ അമർച്ച ചെയ്യുന്നതിനുവേണ്ടി ഉത്തരമേഖലാ ഐ.ജി. കണ്ണൂർ ഡി.ഐ.ജി, നാല് ജില്ലാ പോലീസ് സൂപ്രണ്ടുമാർ എന്നിവരുടെ നേതൃത്വത്തിൽ സ്ഥലത്ത് ആവശ്യമായത്ര പോലീസിനെ വിന്യസിപ്പിക്കുകയും സ്ഥിതിഗതികൾ നിയന്ത്രണവിധേയമാക്കുകയും ചെയ്തിട്ടുണ്ട്. അക്രമസംഭവങ്ങളോടനുബന്ധിച്ച് 218 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കേസിൽ പ്രതികളായ നാനൂറിലധികം പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസന്വേഷണം നടത്തുന്നതിനുവേണ്ടി വയനാട് എസ്പി. യുടെ മേൽനോട്ടത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അക്രമസംഭവങ്ങൾ ആരംഭിച്ച ഉടനെതന്നെ പോലീസ് സംവിധാനം ശക്തിപ്പെടുത്തുന്നതോടൊപ്പം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ രാഷ്ട്രീയ നേതാക്കന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് സമാധാന ശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. മന്ത്രിമാരായ ശ്രീ. സി.കെ. നാണു, ശ്രീ. കെ.ഇ. ഇസ്മയിൽ എന്നിവർ സ്ഥലം സന്ദർശിച്ച് സമാധാനം കൈവരുത്തുവാൻ ശ്രമം നടത്തിയിട്ടുണ്ട്. ഫെബ്രുവരി മാസം ഒൻപതാം തീയതി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നാദാപുരത്ത് വിപുലമായ സമാധാനയോഗം ചേരുകയുണ്ടായി. ഗതാഗത വകുപ്പുമന്ത്രി ശ്രീ. സി.കെ. നാണു, കോഴിക്കോട് ജില്ലയിലെ എം.പി.മാർ, എം.എൽ.എ. മാർ, ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി എം.എൽ.എ., മറ്റ് വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ, ഉദ്യോഗസ്ഥന്മാർ എന്നിവർ ഈ യോഗത്തിൽ സംബന്ധിച്ചു. നാദാപുരത്ത് ശാശ്വതമായ സമാധാനം ഉറപ്പുവരുത്തുന്നതിന് എല്ലാപേരും കൂട്ടായി പ്രയത്നിക്കുമെന്ന് പ്രസ്തുത യോഗത്തിൽ ഉറപ്പു നൽകിയിട്ടുണ്ട്. അക്രമ സംഭവങ്ങളിൽ വീടുകളും മറ്റ് സ്വത്തുവകകളും നഷ്ടപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് മുപ്പത്തിയെട്ടുലക്ഷത്തി അയ്യായിരത്തി നാനൂറ്റി അറുപത് രൂപ അനുവദിച്ചിട്ടുണ്ട്. നാദാപുരത്ത് ഇപ്പോൾ സ്ഥിതിഗതികൾ സാധാരണ നിലയിലേയ്ക്കു വന്നുകൊണ്ടിരിക്കുകയാണ്. പോലീസിന്റെ ശക്തമായ നടപടികളും, രാഷ്ട്രീയപാർട്ടി പ്രവർത്തകരുടെ കൂട്ടായ പരിശ്രമങ്ങളും സമാധാനം കൈവരിക്കുന്നതിന് അനിവാര്യമാണ്. അക്രമസംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനും സമാധാനം ഉറപ്പുവരുത്തുവാനും എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം ഉണ്ടാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ : ശ്രീ. പി. കെ. കെ. ബാവ .....

ശ്രീ. പി. കെ. കെ. ബാവ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞ, അദ്ദേഹമുൾപ്പെടെയുള്ളവർ നടത്തിയതായിപ്പറയപ്പെടുന്ന സമാധാന ശ്രമങ്ങളെ ഞാൻ ശ്ലാഘിക്കുന്നു. പക്ഷെ അവിടെ ഇപ്പോഴും ഒരു ശ്മശാനമൂകമായ അന്തരീക്ഷമാണുള്ളത്. രാത്രികാലങ്ങളിൽ അങ്ങിങ്ങ് ബോംബ്പൊട്ടുന്ന ശബ്ദം കേട്ടുകൊണ്ടിരിക്കുന്നു. അവിടെ നടന്ന സംഭവങ്ങൾ ഞാൻ വിവരിക്കാം. നട്ടുച്ച സമയത്ത് ഞാൻ അവിടെ ഉണ്ടായിരുന്നു. കൂരിരുട്ടാണ് തോന്നിയത്. അതുപോലെ രാത്രി സമയത്തും ഞാൻ അവിടെ ഉണ്ടായിരുന്നു. വാസ്തവത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ഭീകര താണ്ഡവമായിരുന്നു രാത്രികാലങ്ങളിൽ നടന്നത്. എത്ര ആലോചിച്ചിട്ടും മനസ്സിലാക്കാൻ സാധിക്കാത്ത ഒരു വസ്തുത, ഇതിനുമാത്രം എന്ത് സംഭവമാണ് അവിടെ ഉണ്ടായത് എന്നതാണ്. വളരെ വളരെ നിസ്സാരമായിട്ടുള്ള സംഗതി എന്നുപറയുമ്പോഴും, അവിടെയും നഷ്ടപ്പെട്ടത് ഞങ്ങൾക്കാണ്. പാറക്കടവിലാണ് സംഭവം തുടങ്ങുന്നത്. ഞങ്ങളുടെ ഒരു ഫ്ളാഗ് പോസ്റ്റ് തകർത്തു. ഞങ്ങൾ പോലീസിന് പരാതി കൊടുത്തു. പോലീസ് അനങ്ങിയില്ല. ഞങ്ങൾ അത് പുനഃസ്ഥാപിച്ചു. ഇതേ ആളുകൾതന്നെ വീണ്ടും അത് നശിപ്പിച്ചു. വീണ്ടും പോലീസിന് പരാതി കൊടുക്കുന്നു. പോലീസ് നിഷ്ക്രിയമായി നിൽക്കുന്നു. ആ സംഭവം കഴിഞ്ഞ് വീണ്ടും ഞങ്ങളുടെ ഓഫീസിനു നേരെ മുഖംമൂടി അണിഞ്ഞ ഇരുപത്തിയഞ്ചോളം ആളുകൾ കടന്നുവന്ന് ഓഫീസ് തല്ലിതകർത്തു. പോലീസിന് പരാതി കൊടുത്തു. ഒന്നും സംഭവിച്ചില്ല. ശ്രീ. പിണറായി വിജയൻ പറഞ്ഞത് സന്തോഷിന്റെ വധത്തെതുടർന്നാണ് സംഭവമുണ്ടായതെന്നാണ്. അതല്ല അതിനുമുൻപ് 11-ാം തീയതി അങ്ങാടിയിൽ ആളുകൾ തമ്മിൽ ചെറിയ വാക്കേറ്റവും അടിപിടിയുമുണ്ടായി. അതിനെ തുടർന്നാണ് അവിടെ ഇത്ര നിഷ്ഠൂരമായ, കേരളം കണ്ടതിൽവച്ച് ഏറ്റവും മൃഗീയവും പൈശാചികവുമായ സംഭവമുണ്ടായത്. മൃഗീയവും പൈശാചികവുമെന്ന് ഞാൻ പറയാൻ കാരണം മൃഗങ്ങൾ പോലും നാണിക്കും ; പൈശാചികമെന്ന് വിശേഷിപ്പിച്ചാൽ പിശാചുകൾ പ്രതിഷേധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ ആദരിക്കുന്ന ബഹുമാന്യനായ, കമ്മ്യൂണിസ്റ്റു മന്ത്രിസഭയിലെ മന്ത്രിയായിരുന്ന ശ്രീ. വി. ആർ. കൃഷ്ണയ്യർ അവിടം സന്ദർശിച്ചു. അവിടുത്തെ ആ സംഭവം കണ്ടിട്ട് അദ്ദേഹം പത്രക്കാരോട് ചോദിച്ചു, "ഇത്ര ക്രൂരമായ ആക്രമണം ഉണ്ടായിട്ട് എന്തുകൊണ്ട് മുസ്ലീങ്ങൾ തിരിച്ചടിച്ചില്ല, എന്ന്. മുസ്ലീങ്ങൾ തിരിച്ചടിച്ചില്ലെങ്കിൽ മനുഷ്യസ്നേഹികൾ എന്തുകൊണ്ട് തിരിച്ചടിച്ചില്ല ; എന്ന് ഇതിനേക്കാൾ വേദനാജനകമായ ഒരു സംഭവം കേരളത്തിൽ ഉണ്ടായിട്ടുണ്ടോ ? ഇനി ഉണ്ടാകണമെന്ന് നമ്മളാരെങ്കിലും ആഗ്രഹിക്കുന്നുണ്ടോ ? വാസ്തവത്തിൽ പുരോഗമന കേരളത്തിന്റെ സുന്ദര മുഖത്തിന് ഒരു കറുത്ത പാടായി നാദാപുരം സംഭവം നിലനിൽക്കുന്നുവെന്ന് പറയേണ്ടി വന്നതിൽ അങ്ങേയറ്റം ദുഃഖമുണ്ട്. എന്തിന്റെ പേരിലാണ് ഈ സംഭവം നടക്കുന്നത് ? ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ശാശ്വത സമാധാനം വേണമെന്ന് പറഞ്ഞു. സമാധാനത്തിന് ഞങ്ങൾ എതിരല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർത്ത കോൺഫറൻസിൽ ഞങ്ങൾ അത് ശക്തമായി പറഞ്ഞിട്ടുണ്ട്. ഞങ്ങൾ സമാധാനത്തിന് എതിരല്ല. സമാധാനത്തിന് അവിടത്തെ ജനങ്ങൾ എതിരല്ല. പക്ഷേ ചില ഗുണ്ടാസംഘങ്ങൾ അവിടെ സമാധാനം ഉണ്ടാക്കില്ല എന്ന് തീരുമാനിച്ചിരുന്നു. ആ ആളുകൾ ആരാണെന്ന് ഞാൻ പറയേണ്ടതില്ല ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുതന്നെ നന്നായിട്ട് അറിയാവുന്നതാണ്. പയന്തോട് പ്രദേശത്ത് മാർക്സിസ്റ്റുകാരുടെ ഒരു സാമൂഹ്യവിരുദ്ധസംഘം ഉണ്ട്. അതുപോലെ റ്റൊന്റിവൺ ബ്രദേഴ്സ് എന്ന പേരിൽ കുമ്മൻകോട് ഒരു സംഘം പ്രവർത്തിക്കുന്നുണ്ട്. തക്കംപള്ളിയിൽ മോസ്കോസംഘം എന്ന പേരിൽ ഒരു സാമൂഹ്യവിരുദ്ധ സംഘം പ്രവർത്തിക്കുന്നുണ്ട്. മീശമുക്ക് എന്ന പ്രദേശത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു സംഘം പ്രവർത്തിക്കുന്നുണ്ട്. എല്ലാവരും മാർക്സിസ്റ്റുകാരാണ്. രാഷ്ട്രീയത്തിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കേരളീയരെ സംബന്ധിച്ചിടത്തോളം ഇതിനെ ഒരു മാർക്സിസ്റ്റു ലീഗ് സംഘട്ടനമായി കാണാൻ കഴിയില്ല. ഇത് നമ്മുടെ പാരമ്പര്യത്തിനു നേരെയുള്ള, നമ്മുടെ ചരിത്ര പശ്ചാത്തലത്തിനു നേരെയുള്ള ശക്തമായ കടന്നാക്രമണമാണ്. ശക്തമായ കയ്യേറ്റമാണ് ഇതിന്റെ പിന്നിൽ നടന്നിട്ടുള്ളത് എന്നുള്ള വസ്തുത ഒരു കാരണവശാലും നിഷേധിക്കാവുന്നതല്ല. അതുപോലെ ബോംബ് സ്ഫോടനം. ആറു മാസത്തിനിടയിൽ വിലാദപുരത്ത് പവിത്രൻ എന്ന ഒരാൾ, തൂണേരി പട്ടാരത്ത് ജയൻ എന്ന ആള്, അതുപോലെ ആവോലത്ത് നീതു എന്ന അഞ്ചരവയസ്സു മാത്രം പ്രായമുള്ള ഒരു കൊച്ചുകുഞ്ഞ് ഇവരൊക്കെ സ്ഫോടനത്തിൽ മരിച്ച ആളുകളാണ്. അതുപോലെ പരിക്കേറ്റ് കിടക്കുന്ന അശോകൻ, ബിനീഷ് തുടങ്ങിയ ആളുകൾ. ഈ സ്ഫോടനങ്ങളുടെ പരമ്പരകൾ അവിടെ നടന്നിട്ട്, കുടിൽ വ്യവസായംപോലെ ബോംബു നിർമ്മാണം നടന്നിട്ട് അധികൃതരുടെ ഭാഗത്തുനിന്നും യാതൊരു തരത്തിലുള്ള ഇടപെടലും ഉണ്ടായിട്ടില്ല ; ഒരു ചെറുവിരൽപോലും അനക്കിയിട്ടില്ല എന്നുള്ളതാണ് വസ്തുത. അവിടെ കൊലപാതകം നടന്നതിൽ നമുക്ക് അങ്ങേയറ്റം വേദനയുണ്ട്. സന്തോഷിന്റെ കൊലപാതകം നടന്ന സാഹചര്യത്തെക്കുറിച്ച് നിഷ്പക്ഷമായ ഒരു അന്വേഷണം നടത്തണം. ചാമയ്ക്കൽ പഞ്ചായത്തിൽ ഒരു വീട്ടിൽ ഒരു ബോംബ് എറിഞ്ഞു. രണ്ട് ബോംബ് എറിഞ്ഞു. മൂന്ന് ബോംബ് എറിഞ്ഞു ; ആ ഘട്ടത്തിൽ ആ വീട്ടുടമസ്ഥൻ "ഇതാ ഞങ്ങളുടെ കയ്യിൽ ലൈസൻസുള്ള തോക്കുണ്ട് ; ആത്മാരക്ഷയ്ക്കായി വെടി വയ്ക്കേണ്ടിവരും ; ദയവായി ഞങ്ങളുടെ കുഞ്ഞുങ്ങളെയോർത്ത് ഈ ബോംബേറ് അവസാനിപ്പിക്കണമെന്ന്" പറഞ്ഞു. നാലാമത്തെ ബോംബും വന്നു വീണപ്പോൾ ഇനി രക്ഷയില്ല ; സർവ്വസ്വവും നഷ്ടപ്പെട്ടുവെന്നു ബോദ്ധ്യപ്പെട്ട ഘട്ടത്തിലാണ് അവിടെ വെടിവയ്പുണ്ടായത്. ആ വെടിവയ്പ്പിനെത്തുടർന്നാണ് സന്തോഷ് മരിക്കാൻ ഇടയായത്. അവിടം സന്ദർശിച്ച മുഴുവൻ ആളുകളും അത് കണ്ടതാണ്. ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ ആ കാര്യത്തെക്കുറിച്ച് പത്രക്കാരോട് പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ആ വീട്ടുമുറ്റത്ത് രക്തം തളംകെട്ടി നിൽക്കുന്നത് മാർക്ക് ചെയ്ത് വച്ചിരിക്കുന്നു. ഇത്രയും ട്രെയിൻഡ് ക്രിമിനൽസ് അവിടെ ചെന്നെത്തിയതിന് തെളിവ് വേണോ ? മുറ്റത്ത് മരിച്ചുവീണ സന്തോഷിന്റെ ഡെഡ്ബോഡിയുമെടുത്ത് ഓടി റോഡിൽ കൊണ്ടുപോയി വയ്ക്കാൻ മാത്രം പരിശീലനം കിട്ടിയ ആളുകളാണ് അവിടെ ഈ ആക്രമണത്തിന് നേതൃത്വം നൽകിയിട്ടുള്ളത് എന്നുള്ള വസ്തുത മറച്ചു വയ്ക്കാവുന്നതല്ല. അവിടെ മൊയ്തുഹാജി വധിക്കപ്പെട്ടു. ഘോഷയാത്രയായിട്ടാണ് ആളുകൾ മലയിൽനിന്നും താഴോട്ടിറങ്ങി വന്ന് അദ്ദേഹത്തെ കഴുത്തറുത്തുകൊന്നത്. അതുപോലെ എത്രയെത്ര സംഭവങ്ങൾ ! ആശുപത്രിയിൽ കിടക്കുന്ന ആളുകൾ ഇന്നും മോചിതരല്ല. പലരേയും വെട്ടിയത് കഴുത്തും തലയും ചേർത്തിട്ടാണ്. എത്ര വെട്ടാണ് ? അവരൊക്കെ ചെയ്ത പാപം എന്താണെന്ന് എനിക്കറിയില്ല. അവരെല്ലാം മുസ്ലീംലീഗിന്റെ ആളുകൾ ആണെന്ന അഭിപ്രായം എനിക്കില്ല. ബാപ്പയും മകനും വെട്ടേറ്റു കിടക്കുന്ന ആശുപത്രിയിൽ ചെന്നു നോക്കിയപ്പോൾ അവിടെ പല ആളുകളും നിൽക്കുന്നു. ഞാൻ മുക്കാൽ മണിക്കൂറോളം അവിടെ നിന്നിട്ട് എന്നെ ആർക്കും

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലായില്ല. എന്തുകൊണ്ടെന്നാൽ ലിഗുമായി നേരിട്ട് ബന്ധമില്ലാത്ത ആളുകളാണ് അവരിൽ പലരും എന്നുള്ളതാണ് സത്യം. പാർട്ടി വ്യത്യാസമില്ല. എല്ലാവർക്കും ഇത് ബാധകമായിരിക്കുന്നു. ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും. ഇതിൽ സി.പി.ഐ. കാർ ഉണ്ട്. പരമ്പരാഗതമായി കമ്മ്യൂണിസ്റ്റു കുടുംബത്തിലെ മാർക്സിസ്റ്റുകാർ ഉണ്ട്. അതിനപ്പുറത്ത് എന്തുവേണം ? അവർപോലും വെട്ടേറ്റ് ആശുപത്രിയിൽ കിടക്കുന്ന ഒരു സ്ഥിതിവിശേഷമാണ് അവിടെ ഉണ്ടായിരുന്നത് എന്നുള്ളതാണ് വസ്തുത. അതുപോലെ പാലക്കാട് നടക്കുന്ന സംഭവം. തിരുവാംപറമ്പ് പ്രദേശത്ത് നടക്കുന്ന സംഭവം. വാസ്തവത്തിൽ ഞങ്ങളൊക്കെ ലജ്ജിച്ച് തലതാഴ്ത്തുന്നു. ഞാൻ ആലോചിക്കുന്നു അങ്ങയെപ്പോലുള്ള വിപ്ലവകാരിയായിട്ടുള്ള ഒരു തൊഴിലാളി നേതാവ്, അതും ഏതാണ്ട് മന്ത്രിസഭയുടെ കാലാവധി അവസാനിക്കാൻ പോകുന്ന ഒരു ഘട്ടത്തിൽ, മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയുമായി നിൽക്കുമ്പോൾ, എന്തിനാണ് ഈ പരാക്രമം സ്ത്രീകളോട് എന്ന് ഞാൻ വിനയപൂർവ്വം അന്വേഷിച്ചു പോവുകയാണ്. അവിടെ നടന്ന സംഭവം ഞാൻ പറയണോ ? ഒരു സെറ്റ് ആളുകൾ പത്തു പതിനഞ്ച് വീടുകൾ മുഴുവനായി കൊള്ളയടിച്ചു ; തീവയ്പ് നടത്തി. അതിനുശേഷം നബീസ എന്നു വിട്ടമ്മയുടെ അടുത്തേയ്ക്ക് ചെന്നു. ആ വീട്ടിലുണ്ടായിരുന്ന മുഴുവൻ ആഭരണങ്ങളും അവർ അപഹരിച്ചു. അതു കഴിഞ്ഞിട്ട് അവരെ കടന്നു പിടിച്ചു. നമ്മുടെ വടകര എം.പി. ശ്രീമതി പ്രേമജം പറഞ്ഞത് അവിടെ ബലാൽസംഗം നടന്നിട്ടില്ല എന്നാണ് (ബഹളം.....)

മി. സ്പീക്കർ : പ്ലീസ്..... പ്ലീസ്..... അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. പി. കെ. കെ. ബാവ : ഞാൻ ആരെയും പ്രകോപിപ്പിക്കാനല്ല പറഞ്ഞത്. ഇത് കേരളമാണ്. കേരളത്തിൽ ഇങ്ങനെ നടന്നുകൂടാ. മുഖ്യമന്ത്രി പറഞ്ഞതിനോടും ഞാൻ യോജിക്കുന്നു. ശാശ്വതസമാധാനം ഉണ്ടാകണം. ഇത് അവസാനത്തെ സംഭവമാകണം അതുകൊണ്ട് ഞാൻ പറയുകയാണ് ; മേലിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകരുത്. എന്നിട്ട് നമ്മുടെ പ്രേമജം പറഞ്ഞത് ബലാൽസംഗം നടന്നിട്ടില്ല എന്നാണ്. പക്ഷേ അവർ പറഞ്ഞു, സ്ത്രീയെ കടന്നു പിടിച്ചുവെന്ന്. കടന്നുപിടിച്ചുവെന്ന് അവരും പറഞ്ഞിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞു പൈശാചികം, മൃഗീയം എന്നു പറഞ്ഞാൽ പിശാചുക്കളും മൃഗങ്ങളും നാണിക്കുമെന്ന്. അവിടെ എട്ടു വയസ്സായ പെൺകുട്ടിയെകൂടി ബലാൽസംഗത്തിന് വിധേയയാക്കി. (ബഹളം.....) ആ കേസ് ക്രൈം ബ്രാഞ്ചിനു വിട്ടു. അതും വഴിതെറ്റിച്ചുവിടാനുള്ള ശ്രമം നടക്കുന്നതായിട്ടാണ് ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നത്. ഈ സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ വന്നു. പതിവിന് വിപരീതമായി അദ്ദേഹം അങ്ങേയറ്റം ഗൗരവ ഭാവത്തിൽതന്നെയാണ് ആ സംഭവത്തെ കണ്ടത് എന്നുള്ള കാര്യം ഞാൻ ഓർക്കുന്നു. പക്ഷേ വഞ്ചി ഇപ്പോഴും തിരുനക്കരെ തന്നെ. അതുപോലെ ഇതിൽ പിന്നിലുള്ള ഉദ്ദേശംകൂടി മനസ്സിലാക്കണം. 1980-ൽ ഇതുപോലൊരു സംഭവം ഉണ്ടായിട്ടുണ്ട്. അന്ന് തേങ്ങ, മോഷണമായിരുന്നു. പക്ഷേ ഇന്ന് തേങ്ങ മോഷ്ടിച്ചതുകൊണ്ട് വിശേഷിച്ച് പുണ്യം ഇല്ലാത്തുകൊണ്ട്, അത് കുറേ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമകരമാണെന്നുള്ളതുകൊണ്ട്, ഇപ്പോൾ വീടുകളിൽ പട്ടാപ്പകൽ ആയുധവുമായിച്ചെന്ന് കഴുത്തിൽ വലിയ വാള് വച്ചിട്ട് ഞങ്ങളുടെ സഹോദരിമാരോട്, ഊരെടി വള, എടുക്കെടീ മാല, ഇനി എവിടെയുണ്ട് സ്വർണ്ണം, എടുക്കു എന്നുപറഞ്ഞിട്ടാണ് അവിടെ കൊള്ള നടത്തിയിട്ടുള്ളത്. ഈ കൊള്ളയിൽ, റവന്യൂ ഡിപ്പാർട്ടുമെന്റ് കണക്കാക്കിയത് ചില ലക്ഷങ്ങളുടെ കണക്കാണ്. എന്നാൽ കോടിക്കണക്കിന് രൂപയുടെ ആഭരണം അവിടെ മോഷ്ടിക്കപ്പെട്ടിട്ടുണ്ട്. സാമൂഹ്യ ദ്രോഹികൾ അവിടെ സൈരവിഹാരം നടത്തുന്നു. അവർക്ക് രാഷ്ട്രീയ സംരക്ഷണം കിട്ടുന്നു. അല്ലെങ്കിൽ എന്തുകൊണ്ട് ആ കൊള്ളമുതലുകൾ കണ്ടെത്തുന്നതിനു വേണ്ടി ഒരു ചെറുവിരൽപോലും ഇതുവരെ ഗവൺമെന്റ് അനക്കിയില്ല ? അതിന് മടികാണിച്ചു എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് കൊള്ളമുതലുകൾ കണ്ടെത്തണം. അതുപോലെ നിരപരാധികളെ പിടിച്ചുകൊണ്ടുപോകുന്നു. എന്തിനാണ് നിരപരാധികളെ പിടിക്കുന്നത് ? എത്രയോ ഉദാഹരണങ്ങൾ എനിക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. അപരാധികൾ അവിടെ നൃത്തം വയ്ക്കുകയാണ്. അവർ പകൽമാന്യൻമാരായി നടക്കുകയാണ്. അവരെ ആരേയും തൊടുന്നില്ല. ആരേയും പിടിക്കുന്നില്ല. അതിനുപകരം നിരപരാധികളായിട്ടുള്ള ആളുകളെ പിടിക്കുന്നു. എന്നുമാത്രമല്ല, ഞങ്ങൾക്കു ആർക്കും ഒരു രക്ഷയുമില്ലാത്ത സ്ഥിതി വന്നിരിക്കുകയാണ്. കണ്ണൂർ സെൻട്രൽ ജയിലിൽ ഞങ്ങളുടെ കുറേ ആളുകൾ ഉണ്ട്. റിമാന്റിൽ കഴിയുകയാണ്. അവർ അവിടെയെങ്കിലും സുരക്ഷിതർ ആയിരിക്കും എന്നാണ് ഞങ്ങൾ കരുതിയത്. പക്ഷേ അവിടെയും മാർക്സിസ്റ്റുകാരായ തടവുകാരുടെ ആക്രമണത്തിന് വിധേയരായി അവർ ആശുപത്രികളിലായ സ്ഥിതിയാണ്. മനോരമ, മാതൃഭൂമി തുടങ്ങി ഇന്നത്തെ മുഴുവൻ പത്രങ്ങളും ആ കാര്യം റിപ്പോർട്ടു ചെയ്തിരിക്കുന്നതു കൊണ്ട് ഞാൻ ആ കാര്യം വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഒരു കാര്യം കൂടി പറയട്ടെ, കേരളം ആയതുകൊണ്ട് പറയുകയാണ്, എന്തൊരു പോലീസാണിത് ? നമ്മുടെ പോലീസ് എന്നുപറഞ്ഞാൽ വാസ്തവത്തിൽ അവർ എത്രയെത്ര തെളിയാത്ത കേസുകൾ തെളിയിച്ച ആളുകളാണ്. നമ്മുടെ അമ്മമാർക്കും സഹോദരിമാർക്കും സംരക്ഷണം കൊടുത്തവരാണ്. രാജ്യത്തെ സമാധാനാന്തരീക്ഷം നിലനിർത്താൻ വേണ്ടി അത്യദ്ധ്വാനം ചെയ്ത മിടുക്കന്മാരായ ആളുകളാണ് കേരളാപോലീസിലുള്ളത്. ആ പോലീസുകാരുടെ മുൻപിൽ വച്ചാണ് ഒരു സഹോദരി തിരുവാംപറമ്പിൽ മാനഭംഗത്തിന് വിധേയയായത് എന്നുള്ള വസ്തുത ലജ്ജാകരമാണ്. ഈ സംഭവങ്ങളൊക്കെ നടക്കുന്നത് പോലീസിന്റെ പിടിപ്പുകേട് കൊണ്ടാണ്; പോലീസ് ആക്ട് ചെയ്യാത്തതുകൊണ്ടാണ്. മാത്രമല്ല പോലീസ് ഞങ്ങളെയൊക്കെ ഭീഷണിപ്പെടുത്തുകയായിരുന്നു. അവിടെ പോലീസ് സാധാരണ ജനങ്ങളോട് പറഞ്ഞത് നിങ്ങളൊക്കെ സ്ഥലം വിട്ടോളണം എന്നാണ്. നാടുവിട്ടോളൂ എന്നാണ്. പോലീസുകാർ നാടുവിടുവിപ്പിച്ച ആളുകൾ, അല്ലെങ്കിൽ സാമൂഹ്യവിരുദ്ധരുടെ ആക്രമണം ഭയന്ന് ഓടിപ്പോയ ആളുകൾ പലരും ഇന്നും തിരിച്ചുവന്നിട്ടില്ല എന്നുള്ള വസ്തുത സത്യമാണ്.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കെ. ബാവ : ഇതിന്റെ ഗൗരവംകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. അതുകൊണ്ട് ശാശ്വത സമാധാനം വേണമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. പക്ഷേ ഗൗരവമായ കാണേണ്ട ഒരു വസ്തുത, ഈ ആക്രമണം നടത്തിയത് മാർക്സിസ്റ്റു പാർട്ടിയാണ് എന്നു പറയുന്നതിൽ എനിക്ക് ഒരു മടിയുമില്ല. അത് അപ്പുറത്തിരിക്കുന്നവർ സമ്മതിക്കും എന്ന് എനിക്കറിയാം, കാരണം ഇന്നുവരെ അറസ്റ്റുചെയ്യപ്പെട്ടവരിൽ മാർക്സിസ്റ്റു പാർട്ടിക്കാരല്ലാത്ത ആരുമില്ല. അതുപോലെ ലീഗുകാരല്ലാത്ത ആരുമില്ല. വേറെ ചിലരാണ് എന്നുപറഞ്ഞ് തടിതപ്പാൻ ശ്രമിക്കുന്നതിന് ഒന്നാംതരം തെളിവ് അതുതന്നെയാണ് എന്നുപറയാൻ ഞാൻ ആഗ്രിക്കുകയാണ്. ഒരു സംഭവം ഞാൻ പറയട്ടെ, ഈ സംഭവം നടന്നത് ഞങ്ങൾക്കുനേരെ മാത്രമായിരുന്നില്ല, ഒരു വിഭാഗത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും നേരെയായിരുന്നു. ഒരു കാര്യം മനസ്സിലാക്കേണ്ടത് ഈ നിയമസഭയിൽ ഞാൻ ആദ്യമായി കടന്നുവരുന്നത് സാക്ഷാൽ ഗുരുവായൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചാണ്. രണ്ടു തവണയാണ് ഞാൻ ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിൽ എത്തിയത്. ഇന്നും ഞാൻ അഭിമാനിക്കുന്നു. പ്രിയപ്പെട്ട ശ്രീ. പി.ടി. കുഞ്ഞുമുഹമ്മദാണ് ഇപ്പോൾ ഗുരുവായൂർ നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്നത്. എന്തിനേറെ പറയണം ശ്രീപരമനാഭന്റെ മണ്ണിൽ, തിരുവനന്തപുരം വെസ്റ്റ് നിയോജകമണ്ഡലത്തിൽ നിന്ന് എന്റെ ദിവംഗതനായ നേതാവ് പി.എ. മുഹമ്മദ് കണ്ണ് ഒരു തവണയല്ല, ഒരു തവണയെങ്കിൽ അവർക്ക് തെറ്റിപ്പോയെന്നു പറയാമായിരുന്നു. രണ്ടുതവണ തെരഞ്ഞെടുക്കപ്പെട്ട് ഈ നിയമസഭയിൽ വന്നിട്ടുണ്ട്. അതാണ് രാഷ്ട്രീയ രംഗത്ത് നമ്മുടെ സൗഹൃദം. പൊന്നാനി നിയോജകമണ്ഡലം, ആ നിയോജകമണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടത് ശ്രീ. എം. പി. ഗംഗാധരനായിരുന്നു ഒരു കാലഘട്ടത്തിൽ.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്, അടിയന്തിര പ്രമേയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....

ശ്രീ. പി. കെ. കെ. ബാവ : ബാബ്റി മസ്ജിദ് തകർത്ത സന്ദർഭത്തിൽ ഇന്ത്യാ രാജ്യം ആകെ ഇളകിമറിഞ്ഞുകൊണ്ടിരുന്ന ഒരു സന്ദർഭം ആയിരുന്നല്ലോ, ആ സന്ദർഭത്തിലാണ് അന്നത്തെ ഗവൺമെന്റ് ശബരിമല റോഡ് വികസന പദ്ധതി എന്നുപറഞ്ഞുകൊണ്ട് ഒരു പദ്ധതിയുമായി മുന്നോട്ടുവന്ന് മതേതരത്വ സങ്കല്പം ഉയർത്തിപ്പിടിക്കാൻ ഇവിടെ ശ്രമിച്ചത് എന്നുള്ള വസ്തുത നമുക്കൊക്കെ അറിയാവുന്നതാണ്.

മി. സ്പീക്കർ : അതൊന്നും ഇവിടെ പറയേണ്ട കാര്യമില്ല, പ്ലീസ്, പ്ലീസ്.....

ശ്രീ. പി.കെ. കെ. ബാവ : അങ്ങനെ എല്ലാ അർത്ഥത്തിലും സാമുദായിക സൗഹാർദ്ധത്തിന്റെയും മതമൈത്രിയുടേയും കേളീരംഗമായിട്ടുള്ള ഈ പ്രദേശം, ശബരിമലയിലേയ്ക്ക് പോകുന്ന അയ്യപ്പ ഭക്തന്മാർ ആദ്യമായി കടന്നുചെല്ലുന്നത് വാവരുസ്വാമി നിർമ്മിച്ച തെരുവീഥിയിലെ പള്ളിയിലേയ്ക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പ്ലീസ്, അത് നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയ ചർച്ചയിൽ പ്രസംഗിക്കാവുന്നതാണ്.

ശ്രീ. പി. കെ. കെ. ബാവ : ആ പള്ളിയിൽ ചെല്ലുന്നു അവിടെനിന്ന് ഭസ്മം സ്വീകരിക്കുന്നു, അവിടെ തേങ്ങയുടയ്ക്കുന്നു. അവിടെ സംഭാവന കൊടുക്കുന്നു, എന്നിട്ട് ആ പള്ളിയങ്കണത്തിൽനിന്ന് പേട്ടതുള്ളി അയ്യപ്പ സന്നിധാനത്തിലേയ്ക്ക് പോകുന്ന കാഴ്ച ഞാൻ കൺകുളിർക്കെ ആനന്ദത്തോടുകൂടി കണ്ടിട്ടുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....

ശ്രീ. പി. കെ. കെ. ബാവ : അതുപോലെ പലരും ആനന്ദത്തോടുകൂടിയാണ് കണ്ടിട്ടുള്ളത്. ആ സൗഹൃദം തകരത്തക്ക രീതിയിലുള്ള ഒരു സംഭവം കേരളത്തിൽ ഉണ്ടാകരുത്. അതുകൊണ്ടുതന്നെ അവസാനത്തെ സംഭവമായി ഇത് മാറ്റാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകമായി താല്പര്യം കാണിക്കണം എന്നുമാത്രമാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. എനിക്കു പറയാനുള്ള മറ്റൊരു സംഗതി ഈ കൊള്ളമുതൽ കണ്ടെത്തണം എന്നാണ്. അതിനുവേണ്ടിയുള്ള ശ്രമം നടത്തണം. റേപ്പ് കേസ് സംബന്ധിച്ച അന്വേഷണം ശക്തമായി മുന്നോട്ടുകൊണ്ടുപോകണം. ആ സ്ത്രീ പറഞ്ഞതനുസരിച്ച് അന്വേഷണം മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമങ്ങൾ ഉണ്ടാകണം, നിരപരാധികളെ പിടിക്കരുത്, അപരാധികളെ പിടിക്കണം അതാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ടുതന്നെ ഗുരുതരമായിട്ടുള്ള ഈ സംഭവത്തെക്കുറിച്ച്, കേരളത്തിനാകെ അപമാനം വരുത്തിവച്ചിട്ടുള്ള ഈ സംഭവത്തെക്കുറിച്ച്, വളരെനാളുകളായി നടന്നുകൊണ്ടിരിക്കുന്ന ഭീകരമായിട്ടുള്ള നാദാപുരം സംഭവത്തെക്കുറിച്ച്, പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള നിഷ്ക്രിയത്വത്തെക്കുറിച്ച് ഗൗരവമായി അന്വേഷണം നടത്തണം. മാത്രമല്ല, അതുസംബന്ധിച്ച് ഇന്നും അവിടെ ഭീതി നിലനിൽക്കുന്നു. ജനങ്ങൾ മുഴുവൻ തിരിച്ചുവന്നിട്ടില്ല 'എന്നുള്ളതുകൊണ്ടും, എപ്പോഴും ഒരു പൊട്ടിത്തെറിയുടെ വക്കിലാണ് നാദാപുരം പ്രദേശം എന്നുള്ളതുകൊണ്ടും അതിനെക്കുറിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് വിനയ പുരസ്സരം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, നാദാപുരം മേഖലയിൽ ഉണ്ടായ അക്രമസംഭവങ്ങൾ തികച്ചും അപലപനീയമാണ്. ഇരുഭാഗത്തുമുള്ള രാഷ്ട്രീയ പാർട്ടി പ്രവർത്തകർ നടത്തിയ അക്രമങ്ങൾ ന്യായീകരിക്കുവാൻ കഴിയുന്നവയല്ല. രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ പരസ്പരം കൊല നടത്തുന്നതും വീടുകൾക്കും മറ്റു സ്വത്തുവകകൾക്കും നേരെ അക്രമം നടത്തുന്നതും അവസാനിപ്പിക്കുകതന്നെ വേണം. എല്ലാ രാഷ്ട്രീയ പാർട്ടികളും ഇതിനുവേണ്ടി മുൻകൈ എടുക്കേണ്ടതായിട്ടുണ്ട്. അക്രമസംഭവങ്ങളുണ്ടായശേഷം പരസ്പരം കുറ്റപ്പെടുത്തുന്നതിനേക്കാൾ അക്രമം ഇല്ലാതാക്കുന്നതിന്റ് കൂട്ടായി പരിശ്രമിക്കുകയാണ് വളരെ പ്രധാനമായി നമ്മൾ ചെയ്യേണ്ടത്. അക്രമങ്ങൾ അമർച്ചചെയ്യുവാൻ ശക്തമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുന്നതോടൊപ്പം അക്രമസംഭവങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടി രാഷ്ട്രീയ പാർട്ടി നേതാക്കന്മാരുടെ സമാധാന പ്രവർത്തനങ്ങൾക്കും സർക്കാർ പ്രാധാന്യം നൽകിയിട്ടുണ്ട്. നാദാപുരത്തുണ്ടായ അക്രമസംഭവങ്ങളിൽ ഉൾപ്പെട്ട പ്രതികളെ അറസ്റ്റുചെയ്യുന്നതിന് പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്. 458 പേരെ വിവിധ കേസുകളിലായി ഇതിനകം അറസ്റ്റുചെയ്തിട്ടുണ്ട്. ബാക്കിയുള്ളവരെയും ഉടനെതന്നെ പിടികൂടുവാൻ നടപടി എടുക്കുന്നതാണ്. നാദാപുരത്ത് ദീർഘകാലമായി അക്രമങ്ങളും അതിന്റെ ഫലമായി പരസ്പരം വിരോധവും പ്രതികാരവാഞ്ഛയും നിലനിൽക്കുന്ന സ്ഥിതിവിശേഷമുണ്ടെന്ന് എല്ലാവർക്കും അറിയാം. എൽ.ഡി.എഫ്. ഭരിച്ചപ്പോഴും യു.ഡി.എഫ് ഭരിച്ചപ്പോഴും നാദാപുരത്ത് സംഘർഷം ഉണ്ടായിട്ടുണ്ട്. യു.ഡി.എഫ് ഭരിച്ച 1991-96 കാലത്ത് മുന്നൂറോളം രാഷ്ട്രീയ സംഘട്ടനങ്ങൾ ഈ മേഖലയിൽ നടന്നതായി കണക്കുണ്ട്. ഈ സ്ഥിതിവിശേഷം മാറ്റിയെടുത്ത് ശാശ്വതസമാധാനം ഉറപ്പുവരുത്തുവാനാണ് നാം ശ്രമിക്കേണ്ടത്. അതിനുവേണ്ടി എല്ലാ രാഷ്ട്രീയപാർട്ടികളേയും യോജിപ്പിച്ചു കൊണ്ട് ജനങ്ങളുടെ ഐക്യം ഊട്ടി ഉറപ്പിക്കുവാനും പരസ്പരവിശ്വാസം വീണ്ടെടുക്കുവാനുമാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായാണ് മുഖ്യമന്ത്രിതന്നെ മുൻകൈയെടുത്ത് നാദാപുരത്ത് രാഷ്ട്രീയപാർട്ടികളുടെ യോഗം ഫെബ്രുവരി 9-ന് വിളിച്ചുചേർത്തത്. ഇപ്പോഴുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതുമാത്രമല്ല ശാശ്വത സമാധാനം ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള ശ്രമമാണ് നടത്തിവരുന്നത്. എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കളും ഇതിനോട് സഹകരിക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. ഐക്യത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിന് രാഷ്ട്രീയപാർട്ടികൾ മുൻകൈയെടുക്കുകതന്നെ വേണം. പോലീസ് നിഷ്പക്ഷമായും കർശനമായും നിയമനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. നാദാപുരത്ത് സമാധാനം ഉറപ്പുവരുത്തുന്നതിന് എല്ലാ രാഷ്ട്രീയപാർട്ടികളും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. നാദാപുരത്ത് ഇപ്പോൾ സ്ഥിതിഗതികൾ സാധാരണ നിലയിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ജയിലിൽ നടന്ന ഒരു സംഘട്ടനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പരാമർശിച്ചതിനെപ്പറ്റി എനിക്ക് ലഭിച്ച റിപ്പോർട്ട് ഇങ്ങനെയാണ്. കണ്ണൂർ സെൻട്രൽ ജയിലിൽ രണ്ടു വിഭാഗം തടവുകാർ തമ്മിൽ കല്ലേറ് നടന്നു. ഇതിനോടനുബന്ധിച്ച് മുസ്ലീംലീഗ് പ്രവർത്തകനായ ഒരാൾക്കും, സി.പി.ഐ (എം) പ്രവർത്തകരായ മൂന്നുപേർക്കും പരിക്ക് പറ്റിയതായി അറിയുന്നു. ജയിലുകളിൽ കർശനമായ അച്ചടക്കം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കുറ്റം ചെയ്തവർക്കെതിരെ ജയിൽ നിയമം അനുസരിച്ച് കർശന നടപടി കൈക്കൊള്ളുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയാവതരണത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഓർഡർ ..... ഓർഡർ.....)

(അടിയന്തിരപ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിച്ചു.)

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. കെ. ബാവ ഇവിടെ അവതരിപ്പിച്ച വിഷയങ്ങൾക്കൊന്നും ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറഞ്ഞില്ല. പതിവിന് വിപരീതമായി ഒരു സമന്വയ ഭാഷയിലൂടെ മുഖ്യമന്ത്രി ഇവിടെ സംസാരിച്ചത് ഞങ്ങൾ ശ്രദ്ധിക്കാതിരുന്നില്ല. സർ, നാദാപുരം നമ്മുടെ നാടിന്റെ ഒരു നൊമ്പരമായി മാറിയിരിക്കുകയാണ്. അവിടെ നടന്ന സംഭവങ്ങൾ വളരെ വികാരപരമായി ശ്രീ. പി. കെ. കെ. ബാവ ഇവിടെ അവതരിപ്പിച്ചപ്പോൾ മാർക്സിസ്റ്റ് പാർട്ടിയംഗംകൂടിയായ ശ്രീ. എ. കണാരൻ എഴുന്നേറ്റുനിന്ന് പ്രതിഷേധിച്ചു. അപ്പോൾ ബോദ്ധ്യമായി അവിടത്തെ പ്രതികൾ ആരാണെന്ന്. 'ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ' എന്ന ഒരു പഴമൊഴിയുണ്ട്. സർ, ഞാൻ ആരോപണ പ്രത്യാരോപണങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാ വിഭാഗം ജനങ്ങളുടേയും രാഷ്ട്രീയക്കാരുടേയും സഹകരണം അഭ്യർത്ഥിച്ചു. ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. അദ്ദേഹത്തിന്റെ ഇന്നത്തെ സ്വഭാവത്തെയും ഭാഷയേയും, ഭാവത്തേയും ഞാൻ ബഹുമാനിക്കുന്നു. ഞങ്ങൾ അതിനെ സ്വീകരിക്കുന്നു. പക്ഷേ ഒന്നു ചോദിക്കട്ടെ. അവിടെ ബലാൽസംഗം നടന്നു. കൊലപാതകം നടന്നു. കവർച്ചകൾ നടന്നു. അങ്ങയുടെ ഗവൺമെന്റ് എന്തു ചെയ്തു ? പത്ത് നാന്നൂറിലധികം ആളുകളെ അറസ്റ്റു ചെയ്തു. കുറേപ്പേർ സറണ്ടർ ചെയ്തു. പോലീസുകാർ, കേരളത്തിലെ കാവൽഭടന്മാർ ഒരു വിളിപ്പാടകലെ നോക്കിനിൽക്കെ, ജനാധിപത്യ പുരോഗമനം കേരളത്തിൽ, ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഒരു സ്ത്രീ മൃഗീയമായി ബലാൽസംഗം ചെയ്യപ്പെട്ടിട്ട് അതിലെ പ്രതികളെ അറസ്റ്റു ചെയ്തോ ? എന്തു കൊണ്ട് അറസ്റ്റു ചെയ്തില്ല ? ശ്രീ. കണാരൻ ചാടിയെണീറ്റ്, അദ്ദേഹത്തിന്റെ ഭാവമാറ്റം നാം കണ്ടു. സർ, പ്രതികൾ ഈ രാജ്യം ഭരിക്കുന്ന പാർട്ടിക്കാരാണ്. അത് വ്യക്തമാണ്. സർ, ഇവിടെ കുറെ അധോലോക കാര്യങ്ങൾ പറഞ്ഞു. ശരിയാണ്, ഞാൻ സമ്മതിക്കുന്നു. അതോടൊപ്പം മുഖ്യമന്ത്രി ശ്രദ്ധിക്കണം. നാദാപുരം എന്ന ചെറിയ ഗ്രാമത്തിൽ വർഗ്ഗീയ വൈരത്തിന് വീര്യം പകരാൻ ചെഗുവേരയുടെ ദൃശ്യം. സർ, ബൊളീവിയൻ കാടുകളിൽ ഒരു ജനതയുടെ മോചനത്തിനുവേണ്ടി ഒളിപ്പോരു നടത്തിയ ചെഗുവേരയുടെ ദൃശ്യം അതു പോലെ ഒരു ഗ്രാമത്തിന്റെ പേര് മോസ്കോ. നാദാപുരത്ത് മോസ്കോ നഗരവും റോംനഗരവും ഗ്രീൻസിറ്റിയും ഉണ്ടായിരിക്കുന്നു. ഈ ഗവൺമെന്റിനറിയാം, നാദാപുരത്ത് നടക്കുന്നത് കലാപമാണ്. അങ്ങ് ഇടയ്ക്ക് ഇവിടെ ഭംഗിയായി പറഞ്ഞത് ഞങ്ങൾക്കൊരു കൊട്ട് തന്നു. എവിടെയും പറയും 1991 കാലഘട്ടത്തിന്റെ കണക്ക്. നാദാപുരത്ത് കലാപം ഉണ്ടായത് എപ്പോഴെല്ലാമാണ് ? ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽവന്ന സന്ദർഭങ്ങളിലൊന്നും കേരളത്തിൽ വർഗ്ഗീയ കലാപങ്ങൾ ഉണ്ടായിട്ടില്ല എന്ന് ആവർത്തിച്ച് പറഞ്ഞു. മുഖ്യമന്ത്രി ഇന്നും അത് പറഞ്ഞു, സർ, നാദാപുരത്ത് ആദ്യത്തെ അസ്വാസ്ഥ്യം ഉണ്ടായത് 1980-ൽ ആണ്, അന്ന് മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാരായിരുന്നു. രണ്ടാമത്തേത്

10 A.M.]

LIBRARY ARCHIVES Kerala Legislative Assembly

1988-ൽ ആയിരുന്നു ; അന്നും മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാരായിരുന്നു. മൂന്നാമത്തേത് 2001-ൽ ആയിരുന്നു. അന്നും മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാരാണ് 1988-ലെ കലാപത്തിൽ ഒൻപത് പേരാണ് കൊല്ലപ്പെട്ടത്. മാർക്സിസ്റ്റ് പാർട്ടി അധികാരത്തിൽ വന്ന സന്ദർഭങ്ങളിലെല്ലാം നാദാപുരത്ത് കലാപം ഉണ്ടായിട്ടുണ്ട്. അവിടെ ഇപ്പോൾ ഒരു സ്ത്രീയെ മൃഗീയമായി ബലാൽസംഗം ചെയ്ത പ്രതികളെ അറസ്റ്റു ചെയ്തിട്ടില്ല. സർ, ഇവിടെ പോലീസിന്റെ കാര്യം പറഞ്ഞല്ലോ, മാർക്സിസ്റ്റ് ആക്രമണത്തിൽനിന്ന് രക്ഷ നേടുന്നതിനുവേണ്ടി വയർലസ്സിൽകൂടി ഒരു പോലീസ് ഉദ്യോഗസ്ഥൻ മെസേജ് കൊടുത്തപ്പോൾ മറ്റേ പോലീസ് ഉദ്യോഗസ്ഥൻ അത് ഓഫ് ചെയ്തു. പത്തു മിനിട്ട് കഴിഞ്ഞുവന്ന ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ പരസ്യമായി ആളുകൾ നോക്കിനിൽക്കേ സഹായം ചോദിച്ച പോലീസ് ഉദ്യോഗസ്ഥനെ കഴുത്തിന് പിടിച്ച സംഭവമുണ്ടായി. ഇത് തമിഴ് സിനിമയിലെ അടിരംഗമല്ല, കേരളത്തിൽ നാദാപുരത്ത് കഴിഞ്ഞയാഴ്ച നടന്നതാണ്. നോക്കുകുത്തിപോലെ പോലീസുകാർ നിൽക്കുന്നു. സർ, ഞാൻ വികാരം കൊണ്ടു പറഞ്ഞതല്ല. നാദാപുരം സംഭവം ആവർത്തിക്കാൻ പാടില്ല. പക്ഷേ നാദാപുരത്ത് നടന്ന സംഭവം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്തുകൊണ്ട് ? ഇത് ആവർത്തിക്കാതിരിക്കണമെങ്കിൽ കൊലപാതകികളെ അറസ്റ്റു ചെയ്യണം. കൊള്ളമുതൽ കണ്ടെത്തണം. ഉപ്പും ചോറും കൊടുത്തു വളർത്തുന്ന സഖാക്കൾ ബലാൽസംഗം ചെയ്തെങ്കിൽ ആ പ്രതികളെ അറസ്റ്റു ചെയ്യണം. അവരെ ജയിലിലാക്കണം. അത് ചെയ്യാതെ നാദാപുരത്തെ തീപ്പൊരി അടങ്ങുകയില്ല. നാം അത് കാണണം. സർ, ഇവിടെ അങ്ങ് ഒരുപാട് കാര്യങ്ങൾ പറഞ്ഞു, ഞാൻ രാഷ്ട്രീയ കാര്യങ്ങൾ പറയുന്നില്ല. പക്ഷേ ഇതിനകത്ത് വർഗ്ഗീയത വരാൻ പാടില്ല. ഒരു കാര്യം ഇവിടെ ശ്രീ. പി. കെ. കെ. ബാവ പറഞ്ഞു. ഓരോ സന്ദർഭത്തിലും ആക്രമിക്കപ്പെടുന്നവർ ആര്, കൂടുതൽ കൊള്ള ചെയ്യപ്പെടുന്ന കുടുംബങ്ങൾ ഏത്, ഏത് ആചാരങ്ങളുമായി ബന്ധപ്പെടുന്ന പ്രാർത്ഥനാലയങ്ങളാണ് കൂടുതൽ ആക്രമിക്കപ്പെടുന്നത് ? പ്രതികളെ കണ്ടുപിടിച്ച് അറസ്റ്റുചെയ്യാൻ പ്രതിജ്ഞാബദ്ധമായ ഗവൺമെന്റ് എന്തുകൊണ്ട് പ്രതികളെ അറസ്റ്റു ചെയ്യുന്നില്ല ? 1980-ലും 1988-ലും 2001-ലും ഈ കലാപങ്ങൾക്ക് നേതൃത്വം കൊടുത്ത ആ പ്രദേശത്തെ മാർക്സിസ്റ്റ് പാർട്ടി നേതാക്കന്മാർ അല്ലേ ? അല്ലെങ്കിൽ നിങ്ങൾ അറസ്റ്റ് ചെയ്യുകയില്ലായിരുന്നോ ? സർ, മദ്രസ്സയും പള്ളിയും പൊളിച്ചു. സർ, ഒരു അന്യസ്ത്രീയുടെ ശരീരത്തിൽ ഒരു പുരുഷൻ കൈ വയ്ക്കുക എന്നുപറഞ്ഞാൽ തലോടൽ ആണോ ? ഇഷ്ടമില്ലാതെ ചെയ്യുന്നതാണ് ബലാൽസംഗം എന്നുപറയുന്നത്. അതിന്റെ രൂപഭാവം എന്താണെന്ന് എനിക്ക് അറിയില്ല, നിങ്ങൾ ആരെയെങ്കിലും അറസ്റ്റു ചെയ്തോ ? എട്ടു വയസ്സുകാരി പെൺകുട്ടിയെ പീഡിപ്പിച്ചു. ഇത് മനോരോഗമല്ല, ഇത് അഹങ്കാരവും ധിക്കാരവും അതിനോടൊപ്പമുള്ള കിരാതത്വവുമാണ്. സർ, ചങ്ങനാശ്ശേരിയിൽ, ഏതോ സന്ദർഭത്തിൽ ഒരു ശവശരീരത്തിൽ ലൈംഗികാവേശം കാണിച്ച ഒരു ആളെക്കുറിച്ച് വായിച്ചു. അയാൾ ഒരു മനോരോഗിയാണെന്ന് പറഞ്ഞു. സർ, അതിനേക്കാൾ കൂടുതൽ മനോരോഗമുള്ള ഒരു സംഘമാണ് നാദാപുരത്തെ സി.പി.ഐ. (എം)കാർ . മുഴുവൻ സി.പി.ഐ. (എം.) കാരും അത്തരകാരാണെന്ന് ഞാൻ പറയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

കാരണം അതിനകത്ത് എത്രയോ നല്ല ചെറുപ്പക്കാരായ ആളുകളുണ്ട്. അതിമഹത്തായ ഒരു പ്രത്യയശാസ്ത്രം, ആ പ്രത്യയശാസ്ത്രം, ബലാൽസംഗം ചെയ്ത് നിലനിർത്തേണ്ട കാര്യമുണ്ടോ ? കൊള്ളമുതൽ കവർന്നെടുക്കുന്നവനെയും സ്ത്രീയുടെ കഴുത്ത് വെട്ടുന്നവനെയും, മൊയ്തുഹാജിയുടെ കഴുത്ത് വെട്ടുന്നവനെയും എട്ടുവയസ്സുകാരിയെ ബലാൽസംഗം ചെയ്യുന്നവനെയും പാവപ്പെട്ട സ്ത്രീയെ ബലാൽസംഗം ചെയ്യുന്നവനെയും സംരക്ഷിച്ചാൽ മാത്രമേ കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടി നിലനിൽക്കുകയുള്ളോ ? ഇല്ലല്ലോ ? അതിന്റെ അർത്ഥം എന്തും ചെയ്യുന്നവനെ നിലനിർത്തി, ഈ പാർട്ടിയെ വളർത്താൻ ശ്രമിക്കുകയെന്നുള്ളതാണ്. ആവേശപ്പെട്ടിട്ട് കാര്യമില്ല, സത്യം പറയുമ്പോൾ വേദനിക്കും, അതുതന്നെയാണ് നടക്കുന്നത്. നാദാപുരം സംഭവത്തെക്കുറിച്ച് ഒരുപാട് കാര്യം പറയേണ്ടിവരും. അനാവശ്യമായ തീപ്പൊരികൾ ഈ നിയമസഭയിൽ കൊണ്ടുവരാൻ ഞങ്ങളാരും ഉദ്ദേശിക്കുന്നില്ല. പക്ഷെ നാദാപുരം സംഭവത്തിന് അവസാനമുണ്ടാക്കണം. തലശ്ശേരി താനൂരിൽ നടന്ന സംഭവത്തിൽനിന്നും അല്പം വ്യത്യാസമുണ്ട് സർ, ഇതിന്. ആളുകളെ കൊല്ലുന്നത് മാർക്സിസ്റ്റ് പാർട്ടി. അവർ കൊല്ലുന്നു, തല്ലുന്നു, ബലാൽസംഗം ചെയ്യുന്നു. മറ്റ് ആളുകളെ ആക്രമിക്കുന്നു. അവർതന്നെ സംസ്ഥാനം ഭരിക്കുകയും ചെയ്യുന്നു. അതല്ലേ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത് ? നാദാപുരം സംഭവം അവസാനിപ്പിക്കണം. അത് എങ്ങനെയാണ് ? 1980-ഉം 1986-ഉം 2001-ഉം ആവർത്തിക്കാതിരിക്കണമെങ്കിൽ അവിടത്തെ ആളുകളിൽ സുരക്ഷിതത്വബോധം ഉണ്ടാകണം. ന്യൂനപക്ഷ ജനസമൂഹത്തിന് സുരക്ഷിതത്വബോധം ഉണ്ടാകണം. സ്ത്രീകൾക്ക് അവരുടെ ചാരിത്രത്തിന്റെ സുരക്ഷിതത്വത്തിൽ വിശ്വാസം ഉണ്ടാകണം. അതിന് എന്താണ് മാർഗ്ഗം ? അതിന് മാർഗ്ഗമുണ്ട്. ഈ ഗവൺമെന്റ് നടപടിയെടുക്കണം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഒരുപാട് പണിയെടുത്താണ് കമ്മ്യൂണിസ്റ്റു പാർട്ടിയെ വളർത്തിയത്. ഇവിടെ അധോലോകനായകന്മാർക്ക് സംരക്ഷണം കൊടുത്തും ബലാൽസംഗത്തിന് നേതൃത്വം കൊടുത്തും പാർട്ടിയെ നിലനിറുത്തേണ്ട സാഹചര്യം അങ്ങയുടെ പാർട്ടിക്കുണ്ടോ ? അതുകൊണ്ട് നാദാപുരം സംഭവം ആവർത്തിക്കാതിരിക്കണമെങ്കിൽ അവിടെനിന്ന് മറ്റു പ്രദേശങ്ങളിലേയ്ക്ക് പലായനം ചെയ്ത കുടുംബനാഥന്മാർ തന്റെ ഭാര്യയേയും പെങ്ങന്മാരേയും പെൺമക്കളേയും കൊണ്ട് നാദാപുരം ഗ്രാമങ്ങളിലേക്കും, പാറക്കടവിലേക്കും ചെക്കിയാട്ടിലേക്കും മടങ്ങണം. ഇന്നലെവരെ തെമ്മാടിത്തരം കാണിച്ച ഏത് പാർട്ടിക്കാരെയും അറസ്റ്റുചെയ്യാനുള്ള ധൈര്യം പോലീസിനുണ്ടാകണം. അതിനുള്ള ആർജ്ജവവും ധീരതയും ഈ ഗവൺമെന്റിനുണ്ടാകണം അതില്ലായെന്ന് മനസ്സിലാക്കുന്നു. നാദാപുരം സംഭവം അവസാനിപ്പിക്കാനുള്ള നിങ്ങളുടെ ഏത് ശ്രമത്തിനും ഇവിടെയിരിക്കുന്ന ഞങ്ങൾ കൂട്ടുനില്ക്കും. പക്ഷെ തയ്യാറാകണം. നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. 'ചൊല്ലിക്കൊട് ' ആദ്യം ഒന്ന് പറഞ്ഞ് മനസ്സിലാക്ക്, രണ്ടാമത്, 'തല്ലിക്കൊട്' ഇല്ലെങ്കിൽ പിന്നെ 'തള്ളിക്കള' എന്നുള്ളതാണ്. ആ സന്ദർഭം വരുന്നതിനു മുൻപുതന്നെ ഈ രണ്ടു മാസങ്ങൾക്കുള്ളിൽ ഈ നാടിന്റെ നൊമ്പരമായി മാറിയിരിക്കുന്ന നാദാപുരത്തെ കണ്ണുനീർ തുടച്ചുമാറ്റുന്നതിനു വേണ്ടി അമ്മമാർക്കും പെങ്ങന്മാർക്കും വീട്ടിൽ സുരക്ഷിതമായി കിടന്നുറങ്ങാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യം ഉണ്ടാക്കാൻവേണ്ടി, അന്യപുരുഷൻ തങ്ങളുടെ ശരീരത്തിൽ കൈവയ്ക്കുകയില്ല എന്നുള്ള ഉത്തമ ബോദ്ധ്യത്തോടുകൂടി നടന്നുപോകുന്നതിനുള്ള അവസ്ഥ സ്ത്രീകൾക്ക് ഉണ്ടാകുന്നതിനും അതിന് വിഘാതമായിട്ട് നൽകുന്ന നിങ്ങളുടെ പാർട്ടിയിലെ അധോലോക നായകന്മാരെ നിലയ്ക്കുനിർത്താനും തയ്യാറാകണം. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭ വിട്ടിറങ്ങിപ്പോകുന്നു.

(ശ്രീ. ജി. കാർത്തികേയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : സർ, ബീഭത്സവും ദാരുണവുമായ ഈ സംഭവത്തിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞ മറുപടി വളരെ ഖേദകരമായിപ്പോയി. പോലീസ് വിചാരിച്ചാൽ അവിടെ നടന്ന ഈ അനാശാസ്യ സംഭവങ്ങൾ ഒഴിവാക്കാൻ സാധിക്കുമായിരുന്നു. ഇന്നത്തെ പത്രത്തിൽ ഒരു റിപ്പോർട്ട് ഉണ്ട്. ഗൾഫിൽ നിന്നും ഒരു കുറ്റവാളിയെ വരുത്തി അറസ്റ്റ് ചെയ്ത സംഭവം. വളരെ കാര്യക്ഷമമായിട്ടാണ് പോലീസ് അത് ചെയ്തിരിക്കുന്നത്. അങ്ങനെ കാര്യക്ഷമത കാണിക്കാൻ കഴിയുന്ന പോലീസ് ഇക്കാര്യത്തിൽ ബീഭത്സതയാണ് കാഴ്ച വച്ചതെന്നു പറയേണ്ടിവന്നതിൽ എനിക്ക് അതിയായ മനോവേദനയുണ്ട്. നാദാപുരം ഇന്നും പൊട്ടിത്തെറിക്കുന്ന ഒരു അഗ്നിപർവ്വതമായി നിലകൊള്ളുന്നു. ഇതിന് മാറ്റം വരുത്തണം. ഇതിന് മാറ്റം വരുത്തണമെങ്കിൽ വളരെ വ്യക്തമായി പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള നിർദ്ദേശം കൊടുക്കണം. അവിടെ നടന്ന സംഭവത്തിൽ പോലീസ് ഇരട്ടത്താപ്പ് നയമാണ് സ്വീകരിച്ചിരിക്കുന്നത് എന്നുള്ളത് വളരെ വ്യക്തമാണ്. പ്രതി ആരാണെന്നുനോക്കി കാര്യങ്ങൾ ചെയ്യുക എന്നുള്ള രീതിയാണ് അവിടെ നടന്നത്. അതിന് മാറ്റം വരുത്തി പ്രതി ആരാണെന്ന് നോക്കാതെ കുറ്റം ചെയ്തവർ ആരെന്ന് നോക്കി നടപടിയെടുക്കാൻ ആലോചിക്കാത്തിടത്തോളം കാലം ഈ പൊട്ടിത്തെറിയുടെ ചുറ്റുപാടിൽ നിന്നും നാദാപുരം പ്രദേശത്തെ രക്ഷപ്പെടുത്താൻ സാദ്ധ്യമല്ല എന്നുള്ള ദയനീയമായ സ്ഥിതി ഞാൻ ഇവിടെ വിവരിക്കുകയാണ്. എനിക്ക് വളരെ ഹൃദയവേദന തോന്നുന്നു. നമ്മുടെ സഹോദരിമാർ നഗ്നമായ ബലാത്സംഗത്തിന് ഇരയായിരിക്കുന്നു. അതിനുത്തരവാദികളായവരുടെ പേരിൽ യാതൊരു നടപടിയും എടുത്തില്ല. നാദാപുരത്തിനടുത്ത് ചെക്കിയാട് എന്ന ഒരു പ്രദേശമുണ്ട്. ആ പ്രദേശത്ത്നിന്നും ഏകദേശം മൂന്നു കോടിയോളം രൂപ വില വരുന്ന ആഭരണങ്ങൾ കൊള്ള ചെയ്യപ്പെട്ടിരിക്കുന്നു. ഈ കൊള്ള ചെയ്ത് ആരെയും ഇന്നുവരെ അറസ്റ്റ് ചെയ്തിട്ടില്ല. ഇത്തരം അനാശാസ്യ സംഭവങ്ങളിൽ നിന്നും, ഞങ്ങളെ വേദനിപ്പിക്കുന്ന ചുറ്റുപാടിൽനിന്നും, ഗവൺമെന്റ് പിൻമാറണം എന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. കാര്യക്ഷമതയുള്ള പോലീസാണ് ഇവിടെയുള്ളത്. ഞാൻ ആദ്യം സൂചിപ്പിച്ചതു പോലെ സൗത്ത് ആഫ്രിക്കയിൽനിന്നും ഒരു പ്രതിയെ വളരെ സമർത്ഥമായി ഇവിടെ വരുത്തി അയാളെ കേസിൽ പ്രതിയാക്കാൻ നമുക്ക് സാധിച്ചിരിക്കുന്നു. ഇവിടെ നഗ്നമായി ബലാൽസംഗം ചെയ്യുകയും, മുതൽ

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളയടിക്കുകയും ചെയ്ത ആ വിഭാഗത്തെ യാതൊന്നും ചെയ്യാൻ സാധിക്കാത്ത വിധത്തിൽ നോക്കി നിൽക്കുന്ന കാഴ്ച ബീഭത്സമാണ്. ആ അന്തരീക്ഷത്തിന് മാറ്റം വരുത്താൻ ഗവൺമെന്റ് തയ്യാറാകണം. അങ്ങനെ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ടിൽ പങ്കുചേരുന്നു. (ശ്രീ. എ. പി. അബ്ദുറഹിമാൻ ഹാജിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. തോമസ് ചാഴികാടൻ : സർ, മനുഷ്യത്വമുള്ള ആരുടെയും മനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്ന സംഭവമാണ് കഴിഞ്ഞമാസം 12,13,14,15 തീയതികളിൽ നാദാപുരത്ത് നടന്നത്. അതിന്റെ വിശദാംശങ്ങളിലേക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇത് 1977 മുതൽ നടന്ന രാഷ്ട്രീയ സംഘട്ടനങ്ങളുടെ ഒരു തുടർച്ചയായിട്ട് ആരംഭിച്ചുവെങ്കിലും ഇന്ന് ബഹുമാനപ്പെട്ട പി. കെ. കെ. ബാവ വിവരിച്ചു കേട്ടപ്പോൾ ഇതൊരു വർഗ്ഗീയ സംഘട്ടനമായി മാറിയിരിക്കുന്നു എന്ന് ബോദ്ധ്യമായി. ഈ വർഗ്ഗീയ സംഘട്ടനത്തിന്റെ കാര്യം സൂചിപ്പിച്ചുകേട്ടപ്പോൾ പ്രതികളായവർ മുഴുവൻ, ഭരിക്കുന്ന പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടിയുടെ അംഗങ്ങളും അക്രമങ്ങൾക്ക് വിധേയരായവർ വിവിധ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട അംഗങ്ങൾ ആണെങ്കിൽകൂടി, അവരൊക്കെ ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട ആളുകൾ ആണെന്ന് സൂചിപ്പിച്ചത്, ഇതിനെ വർഗ്ഗീയമായി കൈകാര്യം ചെയ്യാൻ മാർക്സിസ്റ്റ് പാർട്ടി വളരെ താല്പര്യപൂർവ്വം പദ്ധതി തയ്യാറാക്കി എന്ന് വ്യക്തമാകുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എപ്പോഴും പറയാറുള്ള കാര്യം ഈ ഗവൺമെന്റിന്റെ കാലത്ത് ഒരിക്കൽപ്പോലും കേരളത്തിൽ വർഗ്ഗീയ ലഹള ഉണ്ടായിട്ടില്ലെന്നാണ്. പക്ഷേ മുൻകാലങ്ങളിൽ ഉണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമായി, മുൻകാലങ്ങളിൽ വർഗ്ഗീയ ലഹളകൾക്ക് നേതൃത്വം കൊടുത്ത ചില വിഭാഗങ്ങൾക്ക് കഴിയാത്ത രീതിയിൽ മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകർ നാദാപുരത്ത് വർഗ്ഗീയ ലഹളയ്ക്ക് നേതൃത്വം കൊടുത്തു എന്ന കുറ്റകരമായ ഒരു സത്യവും ഈ സംഭവത്തിന് പിന്നിലുണ്ട്. ഇവിടെ തങ്ങൾക്ക് സംരക്ഷണം ലഭിക്കുമെന്ന് പൂർണ്ണബോദ്ധ്യമുള്ളതുകൊണ്ടാണ് ഇതുപോലുള്ള സംഭവങ്ങൾ തുടർച്ചയായി ഉണ്ടാകുന്നത്. ബഹുമാന്യയായ സഹോദരി നബീസ എന്ന സ്ത്രീയെ കടിച്ചു മുറിച്ചപ്പോൾ അല്ലെങ്കിൽ കടിച്ചു കീറിയപ്പോൾ, അവരുടെ എട്ടു വയസ്സുള്ള പുത്രിയെ ബലാത്സംഗം ചെയ്തപ്പോൾ അതിനുത്തരവാദികളായവർ ആരാണെന്ന് ആ സഹോദരി പോലീസിന് മുൻപിലും ഈ സംഭവത്തെതുടർന്ന് അവിടെച്ചെന്ന മുഴുവൻ നേതാക്കളോടും സൂചിപ്പിച്ചിട്ടും ആ പ്രതികളെ അറസ്റ്റ് ചെയ്യുവാൻ പോലീസ് ഇതുവരെ തയ്യാറായിട്ടില്ല എന്നുള്ളത് വളരെ ഖേദകരമാണ്. രണ്ടു പേരെ പോലീസിന് മുൻപിൽ ഹാജരാക്കി അവർ പ്രതികളാണെന്ന് പറഞ്ഞപ്പോഴും ആ പ്രതികളുടെ പേരിൽ ബലാത്സംഗക്കുറ്റം ചുമത്തി കേസ്സെടുക്കാൻ പോലീസ് ഇതുവരെ തയ്യാറായിട്ടില്ല. ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ ഇന്നും ഭീകരമായ അന്തരീക്ഷം നിലനിൽക്കുന്ന നാദാപുരത്തെ പ്രശ്നങ്ങളെക്കുറിച്ച് ഈ സഭ ചർച്ച ചെയ്യേണ്ടതായിരുന്നു. അതിന് തയ്യാറാകാത്ത സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും വാക്കൗട്ട് നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. തോമസ് ചാഴികാടൻ സഭവിട്ട് ഇറങ്ങിപ്പോയി)

ശ്രീ. ബാബു ദിവാകരൻ : സർ, കേരളത്തിന്റെ രാഷ്ട്രീയ രംഗത്ത് വളരെ ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ് നാദാപുരത്തുണ്ടായത്. നമ്മുടെ രാഷ്ട്രീയം എന്തിനാണ് ക്രിമിനൽവൽക്കരിക്കപ്പെടുന്നത് ? മറ്റ് സംസ്ഥാനങ്ങളിൽ ഇങ്ങനെയുള്ള സംഭവങ്ങൾ നടക്കുമ്പോൾ ഇവിടെ അത്തരം സംഭവങ്ങളൊന്നും നടക്കാറില്ലെന്ന് നാം വളരെ അഭിമാനപൂർവ്വം അവകാശപ്പെടാറുണ്ടായിരുന്നു. കേരളം സമാധാനാന്തരീക്ഷം നിലനിൽക്കുന്ന ഒരു സംസ്ഥാനമാണ്. എന്നും ഉന്നതമായ നിലവാരം പുലർത്തിയിട്ടുള്ള പ്രത്യേകിച്ച് വർഗ്ഗീയ കലാപങ്ങളുടെ കാര്യത്തിൽ, അതുണ്ടാകാതിരിക്കുന്നതിന് ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളാണ് കാരണമായിട്ടുള്ളതെന്ന് നാം അവകാശപ്പെടാറുണ്ടായിരുന്നു. എന്നെ ലജ്ജിപ്പിക്കുന്നത് അതിന്റെ അപ്പോസ്തലന്മാർ, അതിന്റെ കാവൽഭടന്മാർ എന്ന് അവകാശപ്പെടുന്നവർ തന്നെ ഇങ്ങനെയുള്ള സംഭവങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സാഹചര്യങ്ങളുണ്ടാകുന്നു എന്നതാണ്. ഭരണകക്ഷിക്ക് എന്നും അങ്ങനെയുള്ള കാര്യങ്ങളിൽ ഒരു പ്രത്യേക ഉത്തരവാദിത്വമുണ്ട്. എന്തെങ്കിലും ഒരു ചെറിയ സംഭവം നമ്മുടെ സംസ്ഥാനത്തുണ്ടായാൽ അത് വർഗ്ഗീയ കലാപമായി മാറുന്നത് തടയുന്ന കാര്യത്തിൽ ഭരിക്കുന്ന പാർട്ടിക്ക് എന്നും മുഖ്യമായ പങ്ക് വഹിക്കാനുണ്ട്. നിർഭാഗ്യവശാൽ ഇന്ന് കേരളത്തിൽ, ഇങ്ങനെ ഉണ്ടാകുന്ന എല്ലാ സംഭവങ്ങളിലും മുഖ്യ പ്രതിയായി മാറുന്നത് ഭരിക്കുന്ന പാർട്ടിയാണെന്നുള്ളത് ദുഃഖകരമായ വസ്തുതയാണ്. ഇതിന്റെ കാര്യ-കാരണങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം അത് വളരെ ഗൗരവമുള്ളതാണ്. പാർട്ടി ഗൗരവമായി ഈ കാര്യം ആലോചിക്കണം. ഇതിൽ പാർട്ടി നേതൃത്വത്തിലുള്ളവരെക്കുറിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആ കേസുകളിലെ എല്ലാം പ്രതിയായി വന്നിട്ടുള്ളത് പാർട്ടിയുടെ ഉത്തരവാദപ്പെട്ട ആളുകളാണ്. അവരെ തള്ളിപ്പറയാൻപോലും ഈ പാർട്ടി തയ്യാറാകുന്നില്ല. ഈ പാർട്ടിക്ക് എന്താണ് സംഭവിച്ചിട്ടുള്ളതെന്ന് വളരെ ഗൗരവപൂർവ്വം ആലോചിക്കണം. ഈ പാർട്ടിയെ സംബന്ധിച്ചിടത്തോളം എനിക്കൊരുദുഃഖമുണ്ട്. ഇന്ന് ബോംബും വടിവാളും അതുപോലെതന്നെ തോക്കും രാഷ്ട്രീയ പ്രവർത്തനത്തിൽ യഥേഷ്ടം ഉപയോഗിക്കാൻ അവർ തുടങ്ങിയിരിക്കുന്നു. കേരളത്തിലെ രാഷ്ട്രീയം എങ്ങോട്ടാണ് പോകുന്നത് ? ഈ സംസ്ഥാനത്തെ സമാധാനം കാംഷിക്കുന്ന മുഴുവൻ ജനങ്ങളിലും ഇത് അങ്കലാപ്പ് ഉളവാക്കിയിരിക്കുന്നു. നാദാപുരത്ത് സംഭവിച്ചത് ഒരിക്കലും കേരളത്തിൽ ആവർത്തിക്കാൻ പാടില്ല അതാണ് പ്രശ്നം. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത് വളരെ സമാധാനത്തോടുകൂടിയാണ്. ഞങ്ങൾ സമ്മതിക്കുന്നു. അതിന്റെ ഗൗരവം അദ്ദേഹം ഉൾക്കൊണ്ടു എന്ന് കാണുന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇത്രയും ഗൗരവമായ ഒരു സംഭവം നടന്നിട്ട് അതിലെ പ്രതികളെ കണ്ടെത്താതെ പോലീസുകാർ നിസ്സംഗരായി നോക്കിനിൽക്കുന്നു. പോലീസുകാർ തന്നെ രണ്ടു തട്ടിലാണ്. നാദാപുരത്തെ സംഭവത്തിൽ കർശനമായ നടപടിയുണ്ടാകണം, രാഷ്ട്രീയം നോക്കാതെ, മുഖം നോക്കാതെ നടപടിയെടുക്കണം എന്നു പറയുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗം ഒരു ഭാഗത്തും, ചില ആളുകളുടെ സമ്മർദ്ദത്തിന് വിധേയമായി നിഷ്പക്ഷമായി പ്രവർത്തിക്കാൻ കഴിയാതെ കൂച്ചു വിലങ്ങിടപ്പെട്ട് നിൽക്കുന്ന പോലീസുകാർ മറു ഭാഗത്തും. ഈ സംസ്ഥാനത്ത് ഇത്രയും ഗൗരവതരമായ ഒരു സംഭവമുണ്ടായിട്ട് നിഷ്പക്ഷമായിട്ട് നടപടി എടുക്കാനോ, അതിനെക്കുറിച്ച് ചർച്ച ചെയ്യാനോ, വളരെ ഗൗരവമായി ഇതിനെ കാണാനോ തയ്യാറാകാത്ത ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ശ്രീ. ബാബു ദിവാകരൻ സഭവിട്ട് ഇറങ്ങിപ്പോയി)

ശ്രീ. ജോണി നെല്ലൂർ : സർ, നാദാപുരം സംഭവത്തെക്കുറിച്ച്, കുറ്റവാളികളെ സംരക്ഷിക്കുന്ന തരത്തിലുള്ള മറുപടിയാണ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്. എന്നുള്ളതിൽ ഞാൻ അങ്ങേയറ്റം ഖേദിക്കുകയാണ്. അവിടെ ഉണ്ടായ സംഭവങ്ങൾ, അക്രമത്തിന് ഇരയായ വീടുകൾ, അക്രമത്തിന് ഇരയായ ആളുകൾ അവരെയെല്ലാം സന്ദർശിച്ച ഒരു പൊതുപ്രവർത്തകനാണ് ഞാൻ. ഞാനവിടെ ചെന്നപ്പോൾ കാണാൻ കഴിഞ്ഞ വികാരം ബഹുമാന്യനായ ശ്രീ. പി.കെ.കെ. ബാവ ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ സന്തോഷിന്റെ മരണം കൊലപാതകമാണെന്നും മുസ്ലീംലീഗ് പ്രവർത്തകരാണ് സന്തോഷിനെ കൊല ചെയ്തതെന്നും പറയുകയുണ്ടായി. സർ, അവിടെ മൊയ്തുഹാജി എന്ന വന്ദ്യവയോധികനായ ഒരു സ്നേഹിതൻ കൊലചെയ്യപ്പെട്ടു. കഴുത്തറുത്താണ് അദ്ദേഹത്തെ കൊന്നത്. അതിലെ പ്രതികളാരാണെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞില്ല. എല്ലാപേർക്കും അറിയാം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വക്താക്കളാണ് പ്രതിസ്ഥാനത്ത് നിൽക്കുന്നതെന്ന്. ആ വസ്തുത പോലും മറച്ചുവച്ച് പ്രതികളായിട്ടുള്ള ആളുകളെ സംരക്ഷിക്കുന്ന ഗവൺമെന്റിന്റെ സമീപനം- അതാണ് നാദാപുരം പോലുള്ള സംഭവങ്ങൾ വീണ്ടും കേരളത്തിൽ ആവർത്തിക്കുന്നതിന് കാരണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ നാദാപുരത്തുള്ള 38 വയസ്സുള്ള 'നബീസ' എന്ന സ്ത്രീ. അവരെ കണ്ടപ്പോൾ അവർ കണ്ണുനീർ ഒഴുക്കിക്കൊണ്ട്, -കണ്ണുനീരല്ല ചുടുചോരയായിരുന്നു അവരുടെ കണ്ണിലൂടെ ഒഴുകിയിരുന്നത്- അവർ പറഞ്ഞു. "എന്നെ ആക്രമിച്ചവരെ, എന്നെ പീഡിപ്പിച്ചവരെ, എന്റെ കുഞ്ഞിനെ പീഡിപ്പിച്ചവരെ എനിക്ക് അറിയാം. എന്റെ വീട്ടിൽ പിരിവിന് വന്നിട്ടുള്ള ആളുകളാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകരാണ്. നാലുപേരുടെ പേരുകൾ അവർ പറഞ്ഞു. ഇതുവരെ അവരെ പിടിച്ചിട്ടില്ല. മാസം ഒന്നു കഴിഞ്ഞു. ഈ സംഭവം പോലും വളരെ ലാഘവത്തോടുകൂടിയാണ് ഈ നിയമസഭയിൽ വിശദീകരിച്ചത്. നാദാപുരത്ത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിലെ ആളുകൾ മുസ്ലീം ലീഗ് എന്ന കക്ഷിയോടുള്ള വിരോധമാണ് തീർക്കുന്നത്. മുസ്ലീം സമുദായത്തിലുള്ള ആളുകളോട് ആണോ ആ പക തീർക്കുന്നത് ? അവിടെ ഒരു വർഗ്ഗീയകലാപത്തിലേക്ക് കാര്യങ്ങൾ നീക്കത്തക്ക വിധത്തിൽ അതിന് നേതൃത്വം കൊടുക്കുന്നത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയാണ്. അക്രമം കാട്ടുന്ന ആളുകളെ സംരക്ഷിക്കുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ സമീപനമാണ് കുഴപ്പങ്ങൾക്ക് കാരണം. അവിടെ പോലീസ് അധികാരികൾ പക്ഷപാതപരമായി പ്രവർത്തിക്കുന്നു. പോലീസുകാർ പറയുന്നത് അവിടെ കുറ്റവാളികളെ പിടിക്കണമെങ്കിൽ മുകളിൽനിന്നുള്ള സമ്മർദ്ദങ്ങളും ഇടപെടലുകളും ഒഴിവാക്കണമെന്നാണ്. ഈ ഇടപെടലുകൾ ഒഴിവാക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞില്ല. സമാധാനയോഗം ബഹുമാന്യനായ മുഖ്യമന്ത്രി വിളിച്ചു. ആ യോഗത്തിന്റെ തലേ ദിവസമാണ് രണ്ടു പ്രതികളെ പോലീസിൽ ഹാജരാക്കിയത്. യഥാർത്ഥ കുറ്റവാളികൾ ഇന്നും വെളിയിൽ നിൽക്കുന്നു. നബീസ എന്ന, പീഡനത്തിനിരയായ സ്ത്രീപറഞ്ഞ ആളുകളെയെങ്കിലും അറസ്റ്റ് ചെയ്ത് ഇവിടെ നിയമവാഴ്ചയുണ്ടെന്ന് തെളിയിക്കുവാനുള്ള ഉത്തരവാദിത്വംപോലും കാണിക്കാത്ത ഗവൺമെന്റ് സമീപനം കുറ്റവാളികളെ സഹായിക്കുന്ന വിധത്തിലുള്ളതാണ്. കേരളത്തിലെ മനസ്സാക്ഷിയുള്ള മുഴുവൻ ആളുകളേയും ഞെട്ടിക്കുന്ന ഇത്ര ദാരുണമായ സംഭവത്തെക്കുറിച്ച് ചർച്ച ചെയ്യാൻപോലും തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ശ്രീ. ജോണിനെല്ലൂർ സഭവിട്ട് പുറത്തുപോയി.)

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : നബീസ എന്ന സ്ത്രീയുമായി ബന്ധപ്പെട്ട കേസിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല എന്ന് പറയുന്നത് തെറ്റാണ്. ആറു പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്തിട്ടില്ല എന്ന ആരോപണം അടിസ്ഥാന രഹിതമാണ്. കേസുകളിൽ പ്രതികളായ 458 പേരെ ഇതിനകം അറസ്റ്റ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. നാദാപുരത്തുണ്ടായ സംഭവം സംബന്ധിച്ചു വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കി മുതലെടുക്കാൻ ശ്രമിക്കുന്നത് ഖേദകരമാണ്. അവിടെ ഉണ്ടായ രാഷ്ട്രീയ സംഘട്ടനത്തെ വർഗ്ഗീയ ചേരിതിരിവുണ്ടാക്കി വ്യാപിപ്പിക്കുവാൻ ആരും ശ്രമിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

IV ശ്രദ്ധക്ഷണിക്കൽ

(1) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് ഉയർത്താനുള്ള കേന്ദ്ര വിദഗ്ദ്ധ സമിതിയുടെ ശുപാർശ നടപ്പിലാക്കാതിരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. കണാരൻ : സർ, കേരളത്തിലെ ജനങ്ങൾക്കാകമാനം ആശങ്കയ്ക്കും ഭയപ്പാടിനും ഇടവരുത്തുന്ന മുല്ലപ്പെരിയാർ പ്രശ്നത്തിലേയ്ക്കാണ് ഞാൻ സഭയുടെയും സർക്കാരിന്റെയും അങ്ങയുടെയും ശ്രദ്ധക്ഷണിക്കുന്നത്. ശക്തമായ രണ്ട് ഭൂചലനങ്ങളെ തുടർന്ന് മുല്ലപ്പെരിയാർ ഡാമിൽ ചോർച്ച ഉണ്ടാകുകയും കൂടുതൽ വിള്ളലുകൾ പ്രത്യക്ഷപ്പെടുകയും ചെയ്തതിനെത്തുടർന്ന് എറണാകുളം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലേതടക്കമുള്ള ജനങ്ങളാകെ

LIBRARY ARCHIVES Kerala Legislative Assembly